13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 475(2)/2020/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **8566**/എസ്.ഐ.സി-ജി 6/20)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ.തേമ്പാമൂട് സഹദേവൻ,
കൺവീനർ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം,
വെഞ്ഞാറമൂട്, തിരുവനന്തപുരം – 695 607. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
പാങ്ങോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.01.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.02.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.09.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.09. 2020 |

## ഉത്തരവ്

സംസ്ഥാന റിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. തേമ്പാമൂട് സഹദേവൻ,

04.09.2020ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.475(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 14.01.2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു.ഓംബുഡ്സ്മാൻ No.76/17-03/06/2017 നമ്പർ ഉത്തരവു പുറപ്പെടുവിച്ചിട്ട് രണ്ടര വർഷം പിന്നിടുന്നുവെന്നും

1) മേൽ നമ്പർ ഉത്തരവു പ്രകാരം എസ്.സന്ധ്യയ്ക്ക് വീട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആണ്ട്, മാസം, തീയതി എന്നിവ വ്യക്തമാക്കണമെന്നും

എ) അനുവദിച്ചിട്ടില്ലെങ്കിൽ വ്യക്തമാക്കണമെന്നും

ബി) ലൈഫ് പദ്ധതിയിൽ എത്രാമത്തെ വീടാണെന്നും എത്ര രൂപയാണെന്നും, എത്ര ഗഡുക്കൾ, എത്ര രൂപ കൊടുത്തു, ഇനി കൊടുക്കാനുള്ളത് എത്ര എന്നിവ വ്യക്തമാക്കണമെന്നും

2) മേൽപ്പടി ഉത്തരവ് ടി പഞ്ചായത്ത് നടപ്പിലാക്കിയ ആണ്ട്, മാസം, തീയതി,

3) ടി സന്ധ്യയുടെ താമസ വീട് ജീർണ്ണാവസ്ഥയിൽ ആണെന്ന് അറിഞ്ഞിട്ടും എന്തുകൊണ്ടാണ് പഞ്ചായത്തിൽ നിന്ന് വീട് അനുവദിക്കാതിരുന്നതെന്നുമാണ്.

ആയതിന് 13.02.2020ന് മറുപടി നൽകിയിട്ടുണ്ടെന്നാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 12.05.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ പാങ്ങോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്ന് അറിയിച്ച് അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ആയത് തീർപ്പാക്കി ഉത്തരവാകുന്ന

തിനായി എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതു പ്രകാരം റിപ്പോർട്ട് ലഭി ച്ചിരുന്നുവെന്നുമാണ്.

ഹർജിക്കാരൻ എസ്.പി.ഐ. ഒ.യ്ക്ക് നൽകിയ അപേക്ഷയും ആയതിന് നൽകിയ മറുപടിയും വിശദമായി പരിശോധിക്കുകയും ടിയാൻ വിവരാവകാശ നിയമപ്രകാരം 14.01.2020, 23.01.2020 തീയതികളിലായി നൽകിയ അപേക്ഷകൾക്ക് എസ്.പി.ഐ.ഒ. സമയബന്ധിതമായി മറുപടി നൽകിയില്ലെന്നും രണ്ടപേക്ഷ കൾക്കും കൂടി ഒരു മറുപടിയാണ് നൽകിയതെന്നുമാണ് അപ്പീലിൽ പരാമർശിച്ചി രിക്കുന്നതെന്നാണ്.

എസ്.പി.ഐ.ഒ.യുടെ 08.05.2020ലെ റിപ്പോർട്ട് പ്രകാരം ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 13.02.2020ന് മറുപടി നൽകിയിട്ടുള്ളതാണെന്നും വിവരാവകാശ നിയമം 2005 3സി പ്രകാരമുള്ള പൗരൻ എന്ന നിർവ്വചനത്തിൽ ടിയാൻ ഉൾപ്പെടാ ത്തതിനാൽ സംഘടനയുടെ പേരിൽ നൽകിയിരുന്ന വിവരാവകാശ അപേക്ഷ നിരസിച്ച് ടിയാന് ആദ്യം അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജി ക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിനോടൊപ്പം ഉള്ളടക്കം ചെയ്ത ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷൻ അഡീഷണൽ സെക്രട്ടറിയുടെ 14.05.2009ലെ 2414/SIC-GEN1/2009 കത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവ കാശ സംഘടന പോലുള്ള ഭാരവാഹികളുടെ വിവരാവകാശ നിയമപ്രകാരമുള്ള അനുകൂല്യങ്ങൾക്ക് അർഹരായ പൗരന്മാരായി പരിഗണിക്കാമെന്ന് സൂചിപ്പിച്ചിട്ടു ള്ളതിന്റെ അടിസ്ഥാനത്തിൽ മനപ്പൂർവ്വമല്ലാത്ത തെറ്റ് മാപ്പാക്കണമെന്നും എസ്.പി.ഐ.ഒ. അപേക്ഷിക്കുകയുണ്ടായെന്നും ടി സാഹചര്യത്തിൽ ഹർജിക്കാ രന്റെ 14.01.2020, 23.01.2020 എന്നീ തീയതികളിലെ അപേക്ഷകൾക്ക് പ്രത്യേകമായി മറുപടി തയ്യാറാക്കി ടി ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം ടിയാന് സൗജന്യ മായി അയച്ചുകൊടുക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. 20.12.2022 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിം ഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷി കളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തെറ്റായ മറുപടി യാണ് നൽകിയതെന്ന് കമ്മിഷനു ബോധ്യമാകുന്നു. ഇപ്രകാരം വിവരാവകാശ

നിയമലംഘനം നടത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച വിവരാകാശ നിയമപ്രകാരം ഗുരുതരമാകയാൽ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 17–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM